ഗതാഗത വകുപ്പ്

വിഷൻ 2031

# വികസന മാർഗ്ഗരേഖ

## MOBILITY EN ROUTE SUSTAINABILITY



# ആശംസ



സംസ്ഥാന രൂപീകരണത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന 2031ലെ കേരളം എങ്ങനെയാകണം എന്ന കാഴ്ചപ്പാടിന്റെയും ആശയങ്ങളുടെയും അടിസ്ഥാനത്തിൽ ഓരോ സർക്കാർ വകുപ്പുകളുടെയും ആഭിമുഖ്യത്തിൽ 'വിഷൻ 2031' എന്ന പേരിൽ സംസ്ഥാനമൊട്ടാകെ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി.

2031 ലെ കേരളത്തിന്റെ വികസന രൂപരേഖയിൽ സുപ്രധാനമായ പങ്ക് വഹിക്കേണ്ട വകുപ്പ് ഈ ലക്ഷ്യത്തിലേക്കുള്ള ആശയാഭിപ്രായ സ്വരൂപീകരണത്തിനും മാർഗ്ഗരേഖകളുടെ മുന്നൊരുക്കങ്ങൾക്കുമായി 2025 ഒക്ടോബർ 15 ന് പത്തനംതിട്ട ജില്ലയിലെ തിരുവല്ല ബിലീവേഴ്സ് കൺവെൻഷൻ സെന്ററിലാണ് വിപുലമായ സെമിനാർ നടത്തിയത്. പ്രൗഢമായ ബഹുജനപങ്കാളിത്തം, പ്രസക്തമായ ചർച്ചകൾ, അർഥപൂർണ്ണമായ പ്രഭാഷണങ്ങൾ, സംവാദങ്ങൾ, മാതൃകാപരമായ സംഘാടനം എന്നിവയെല്ലാം കൊണ്ട് ഏറ്റവും വിജയകരമായി 'വിഷൻ 2031' ന്റെ വിഭാവനം നടത്തുവാൻ നമുക്ക് സാധ്യമായി എന്നത് അഭിമാനകരമാണ്.

പ്രസ്തുത സെമിനാറിൽ ഉരുത്തിരിഞ്ഞുവന്ന പ്രധാനപ്പെട്ട ആശയങ്ങൾ ഉൾക്കൊള്ളിച്ച് പ്രസാധനം ചെയ്യുന്ന **"ഗതാഗതവകുപ്പിന്റെ വികസന മാർഗ്ഗരേഖ-2031"** എന്ന പ്രസിദ്ധീകരണത്തിന് ഹൃദയപൂർവ്വം ആശംസകൾ നേരുന്നു. 'വിഷൻ 2031' എന്ന വികസന സാക്ഷാത്കാരത്തിനായി ഒരുമയോടെ നമുക്ക് മുന്നേറാം.

സ്നേഹാശംസകളോടെ,

**കെ.ബി. ഗണേഷ് കുമാർ**

ഗതാഗത വകുപ്പ് മന്ത്രി

# ആശംസ



നവകേരള സൃഷ്ടിയുടെ പശ്ചാത്തലത്തിൽ കേരളം സർവ്വതലസ്പർശിയായ വികസന കുതിപ്പിൽ ഏർപ്പെട്ടിരിക്കുകയാണ്.

നമ്മുടെ സംസ്ഥാനം രൂപീകരിച്ച് 75 വർഷം പിന്നിടുന്ന അവസരം 2031-ൽ സംജാതമാകുകയാണ്. കേരളം കൈവരിക്കേണ്ട നേട്ടങ്ങൾ, ആർജ്ജിക്കേണ്ട മാറ്റങ്ങൾ എന്നിവ സമസ്ത മേഖലകളിലും ചർച്ച ചെയ്യുന്നതിലേക്കായി നിരവധി സെമിനാറുകൾ ഇതോടനുബന്ധിച്ച് നടത്തുന്നുണ്ട് എന്നത് ഏറെ സ്വാഗതാർഹമാണ്.

കേരളത്തിൻറെ ഗതാഗത സങ്കൽപ്പങ്ങളെ ലോകോത്തരമായി ഉയർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ മുൻനിർത്തി സുസ്ഥിര ഗതാഗതവും സുരക്ഷിത സഞ്ചാരവും എന്ന ലക്ഷ്യവുമായി ഗതാഗത വകുപ്പ് മുന്നേറുകയാണ്.

മാറുന്ന കേരളം പ്രകൃതി വിഭവങ്ങളെ ചൂഷണത്തിനു വിധേയമാക്കാതെയും കേരളത്തിൻറെ കാലാവസ്ഥ വെല്ലുവിളികളെ പ്രകൃതി സംരക്ഷണത്തിലൂടെ നേരിടുകയും അതോടൊപ്പം ലോകാത്തരമായ വിനോദ സഞ്ചാര സൗകര്യങ്ങൾ നമ്മുടെ സംസ്ഥാനത്തും അനുഭവേദ്യമാക്കുവാൻ, ഗതാഗത വകുപ്പ് സഞ്ചാര സങ്കൽപ്പങ്ങളെ നൂതന സാങ്കേതിക വിദ്യയായ നിർമ്മിത ബുദ്ധിയുടെ സഹായത്താൽ മാറ്റി എഴുതാൻ ശ്രമിക്കുകയാണ്. അത്തരം ഗഹനമായ ചർച്ചകൾ വിപ്ലവകരമായ ആശയങ്ങൾക്കും പരിവർത്തനങ്ങൾക്കും വഴിയൊരുക്കും എന്നതിൽ സംശയമില്ല.

ഈ ഉദ്യമത്തിനു പിന്നിൽ പ്രവർത്തിക്കുന്ന ഏവരേയും അഭിനന്ദിക്കുന്നു.

സസ്നേഹം,

**എ. എൻ. ഷംസീർ**
സ്പീക്കർ, കേരള നിയമസഭ

# ആശംസ



ഭാഷാടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനം രൂപീകൃതമായതിന്റെ 75 വർഷങ്ങൾ പൂർത്തിയാകുന്ന 2031ൽ കേരളം എങ്ങനെയായിരിക്കണം എന്നതിൽ വിശാലമായ ഒരു കാഴ്ചപ്പാട് രൂപീകരിക്കുന്നതിനായി സർക്കാർ വിവിധ സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു. കേരളത്തിൻറെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് വഴിയൊരുക്കാനും 2031 ഓടെ കേരളത്തെ വികസിതവും പുരോഗമനപരവുമായ സംസ്ഥാനമാക്കി മാറ്റാനുള്ള വികസന പദ്ധതികൾക്ക് രൂപം നൽകാനുമാണ് 'വിഷൻ 2031' എന്ന സെമിനാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഗതാഗത വകുപ്പ് നടത്തിയ സെമിനാറിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രോഡീകരിച്ച് വകുപ്പിന്റെ മുന്നോട്ടുള്ള പ്രവർത്തന മാർഗ്ഗരേഖ രൂപീകരിക്കുകയും ഗതാഗത സംവിധാനം കൂടുതൽ ആധുനികമാക്കി പരിസ്ഥിതി സൗഹൃദവും ജനകീയ പങ്കാളിത്തവും ഉള്ള രീതിയിൽ വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

2031ൽ ഗതാഗത വകുപ്പ് കൈവരിക്കേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളുടെയും സാങ്കേതികവിദ്യകളുടെയും രൂപരേഖയായ വികസന മാർഗ്ഗരേഖ 2031ന് എല്ലാവിധ ആശംസകളും നേരുന്നു.

സസ്നേഹം,

**പി. ബി. നൂഹ് ഐ.എ.എസ്**
സ്പെഷ്യൽ സെക്രട്ടറി
ഗതാഗത വകുപ്പ്, കേരള സർക്കാർ.

# ഗതാഗത വകുപ്പ്: ഒറ്റനോട്ടത്തിൽ

ഉയർന്ന സാക്ഷരത, ശക്തമായ മാനവ വികസന സൂചികകൾ, ഊർജ്ജസ്വലമായ സാംസ്കാരിക പൈതൃകം എന്നിവയാൽ ശ്രദ്ധേയമായ കേരളം, വികസന അജണ്ടയുടെ കാതലായി ഗതാഗതത്തിന് പ്രാധാന്യം നൽകുന്നു. കേരളത്തിലെ റോഡ് ഗതാഗതം, ട്രാഫിക് സുരക്ഷ എന്നിവ ആസൂത്രണം ചെയ്യുക, നിയന്ത്രിക്കുക, കൈകാര്യം ചെയ്യുക എന്നീ ഉത്തരവാദിത്തങ്ങളോടൊപ്പം, പാസഞ്ചർ, ചരക്ക് ഗതാഗതം, വാഹന രജിസ്ട്രേഷൻ, ഡ്രൈവർ ലൈസൻസിംഗ്, റോഡ് സുരക്ഷ, പൊതുഗതാഗത ആസൂത്രണം, വാണിജ്യ ഗതാഗത ഓപ്പറേറ്റർമാരുടെ നിയന്ത്രണം തുടങ്ങിയവയെല്ലാം ഗതാഗത വകുപ്പിന്റെ ചുമതലകളാണ്.

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ റോഡ് ഗതാഗതം ഒരു പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്തെ ആകെ റോഡുകളുടെ നീളം 1,91,292.39 കി.മീ. ആണ്. റോഡ് ഗതാഗതത്തിന്റെ 80% ദേശീയപാതകൾ (NHs), സംസ്ഥാനപാതകൾ (SHs), പ്രധാന ജില്ലാ റോഡുകൾ (MDRs) എന്നിവ ഉൾപ്പെടുന്നു.

2024 മാർച്ച് 31 വരെ 174 ലക്ഷം വാഹനങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് എറണാകുളം ജില്ലയിലാണ് (22.80 ലക്ഷം - 13.1%). 2024 ജനുവരി മുതൽ ഓഗസ്റ്റ് വരെ കേരളത്തിൽ രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങളുടെ ആകെ എണ്ണം5,02,083 ആണ്. ഇത് രാജ്യത്തെ ഉയർന്ന കണക്കാണ്.




*Source:* Motor Vehicles Department, Government of Kerala

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.)




ശ്രീ ചിത്തിര തിരുനാൾ ബാല രാമവർമ്മ മഹാരാജാവ് 1938 ഫെബ്രുവരി 20-ന് 'സംസ്ഥാന മോട്ടോർ സർവീസ്' ഉദ്ഘാടനം ചെയ്തു. 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിയമം (കേന്ദ്ര ആക്റ്റ് 64/1950) പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന്, കേരള സർക്കാർ 1965-ൽ സെക്ഷൻ 44 പ്രകാരം സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിയമങ്ങൾ രൂപീകരിക്കുകയും, ആ വകുപ്പിനെ 1965 ഏപ്രിൽ 1-ന് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.) എന്ന പേരിൽ ഒരു സ്വയംഭരണ സ്ഥാപനമായി പരിവർത്തനം ചെയ്യുകയും ചെയ്തു. 901 ബസ്സുകൾ, 51 ലോറികൾ, 29 മറ്റ് വാഹനങ്ങൾ എന്നിവയുമായിട്ടാണ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചത്. പ്രതിദിനം ശരാശരി 1.6 ലക്ഷം കിലോമീറ്ററാണ് അന്ന് ഓടിയിരുന്നത്.

കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നാണ് കെ.എസ്.ആർ.ടി.സി. നിലവിൽ കോർപ്പറേഷന് 6047 വാഹനങ്ങളുണ്ട്. 36000 സ്ഥിരം ജീവനക്കാരും, 9000 താൽക്കാലിക ജീവനക്കാരും ഉണ്ട്. 5323 ഷെഡ്യൂളുകളിലായി സർവീസുകൾ നടത്തുന്നു. കൂടാതെ, 38000 വിരമിച്ച ഉദ്യോഗസ്ഥർക്ക് പെൻഷൻ നൽകുന്നു. പ്രതിദിനം ശരാശരി 16.50 ലക്ഷം കിലോമീറ്ററാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ദിവസവും ശരാശരി 34 ലക്ഷം യാത്രക്കാരാണ് ഇതിൻറെ ഗുണഭോക്താക്കൾ. ഫലപ്രദവും കാര്യക്ഷമവുമായ സർവീസ് ഓപ്പറേഷനുകൾക്കായി സംസ്ഥാനത്തുടനീളം വിവിധ സ്ഥലങ്ങളിൽ യൂണിറ്റ് തലത്തിലുള്ള ഓഫീസുകൾ സ്ഥാപിച്ചിട്ടുണ്ട്. ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറാണ് (CMD) മുഖ്യകാര്യ നിർവഹണ ഉദ്യോഗസ്ഥൻ. സംസ്ഥാനത്തുടനീളം ഫലപ്രദവും കാര്യക്ഷമവുമായ ഗതാഗത സൗകര്യങ്ങൾ ഏകോപിപ്പിച്ച് ലഭ്യമാക്കുക എന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ യാത്രാ ഗതാഗത രംഗത്ത് കോർപ്പറേഷന്റെ പങ്ക് ഏകദേശം 27% ആണ്.

# ടിക്കറ്റ് വരുമാനത്തിൽ ചരിത്ര നേട്ടം 10.19 കോടി രൂപ

**2025 സെപ്റ്റംബർ 8-ാം തീയതിയാണ് എക്കാലത്തെയും മികച്ച പ്രതിദിന ഓപ്പറേറ്റിംഗ് റവന്യു 10.19 കോടി നേടിയത്.**



| | |
|---|---|
| 08-09-2025-ന് 10.19 കോടി രൂപയുടെ റെക്കോർഡ് ടിക്കറ്റ് വരുമാനവും, ടിക്കറ്റിതര വരുമാനം ഉൾപ്പെടെ 11.12 കോടി രൂപയും നേടി. | 2025 ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ തുടർച്ചയായി എല്ലാ 93 യൂണിറ്റുകളും പ്രവർത്തന ലാഭത്തിലെത്തി. |




2025 upto September only

കഴിഞ്ഞ 10 വർഷം കൊണ്ട് ദിവസേനയുള്ള വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

പ്രതിദിന ടിക്കറ്റ് വരുമാനം ₹534 ലക്ഷത്തിൽ നിന്നും ₹684 ലക്ഷമായി വർദ്ധിച്ചു.




2016-ൽ ഒരു കിലോമീറ്ററിന് ലഭിക്കുന്ന വരുമാനം (EPKM) ₹32.07 ആയിരുന്നത് 2025-ൽ ₹49.88-ലേക്ക് ഉയർന്നു.




ഒരു ബസ്സിന് ലഭിക്കുന്ന ശരാശരി പ്രതിദിന വരുമാനം (EPB) പത്തു വർഷത്തിനുള്ളിൽ ₹10,680 രൂപയിൽ നിന്നും ₹16,795 രൂപയായി വർദ്ധിച്ചു.

## അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവൽക്കരണം

- കോന്നി, ചങ്ങനാശ്ശേരി ബസ് ടെർമിനലുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.
- കൊട്ടാരക്കര, ചെങ്ങന്നൂർ, ആറ്റിങ്ങൽ, കൊല്ലം എറണാകുളം, മൂലമറ്റം ചെറുതോണി, ഗുരുവായൂർ എന്നീ ബസ് ടെർമിനലുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
- നിരവധി ഡിപ്പോ / യാർഡ് നവീകരണ പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു

## പുതുതായി പണികഴിപ്പിക്കുന്ന ചില കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ ഡിസൈനുകൾ

ചെങ്ങന്നൂർ





ആറ്റിങ്ങൽ





കായംകുളം



ചങ്ങനാശ്ശേരി



# കേരള മോട്ടോർ വാഹന വകുപ്പ് (MVD)



1958 ലാണ് സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് സ്ഥാപിതമായത്. മോട്ടോർ വാഹന നിയമം, മോട്ടോർ വാഹന നികുതി നിയമം എന്നിവ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പ് സ്ഥാപിച്ചത്. ഗതാഗത കമ്മീഷണർ ആണ് വകുപ്പിന്റെ മുഖ്യ ചുമതല നിർവഹിക്കുന്നത്. സുരക്ഷിതമായ റോഡ് ഗതാഗതം, ലൈസൻസ് നൽകൽ, വാഹനങ്ങളുടെ രജിസ്ട്രേഷൻ തുടങ്ങി വിവിധ സേവനങ്ങൾ വകുപ്പ് നൽകി വരുന്നു.

## വകുപ്പിന്റെ ഇടപെടലുകളിൽ ചിലത്...

### സുരക്ഷമിത്ര

- ഇന്ത്യയിൽ ആദ്യമായി GPS അധിഷ്ഠിത വാഹന ട്രാക്കിംഗ് നടപ്പിലാക്കി
- 4 ലക്ഷം വാഹനങ്ങൾ ഇതിന്റെ പരിധിയിൽ.



## വിദ്യാവാഹൻ

- സ്കൂൾ കുട്ടികളുടെ യാത്ര തത്സമയം നിരീക്ഷിയ്ക്കുന്നതിനായുള്ള ആൻഡ്രോയിഡ് ആപ്പ്.




## സിവിക് ഐ

- പൊതുജനങ്ങൾക്ക് ട്രാഫിക് നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യാൻ അവസരം നൽകുന്ന 'സിവിക് ഐ' ആപ്പ് 2025 ഓഗസ്റ്റിൽ നിലവിൽ വന്നു.




## ലീഡ്സ് ആപ്പ്

- ലേണേഴ്സ് ലൈസൻസിനായി അപ്ലൈ ചെയ്യുന്നവർക്കുള്ള എഡ്യൂക്കേഷൻ സോഫ്റ്റ്‌വെയർ.

- വിദ്യാർത്ഥികൾക്ക് കൺസഷൻ കാർഡിന് ഈ ആപ്പ് മുഖേന അപേക്ഷ സമർപ്പിക്കാം.

## Virtual PRO

- മോട്ടോർ വാഹന വകുപ്പ് സംബന്ധിയായ സംശയനിവാരണത്തിനായുള്ള നിർമ്മിത ബുദ്ധി സഹായത്തോടെയുള്ള ആപ്ലിക്കേഷൻ (AI Assisted Application).



# സംസ്ഥാന ജലഗതാഗത വകുപ്പ്



സംസ്ഥാന ജലഗതാഗത വകുപ്പ് 1968-ലാണ് സ്ഥാപിതമായത്. ഇതിന്റെ ആസ്ഥാനം (ഡയറക്ടറേറ്റ്) ആലപ്പുഴ ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. ഡയറക്ടർ ആണ് വകുപ്പിന്റെ തലവൻ. വകുപ്പ് രൂപീകൃതമായപ്പോൾ ആലപ്പുഴ, കോട്ടയം, കൊല്ലം എന്നീ ജില്ലകളിൽ മാത്രമായിരുന്നു സർവീസ് ഓപ്പറേഷൻ ഉണ്ടായിരുന്നത്. അക്കാലത്ത് എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രബിന്ദു ആലപ്പുഴയിലെ ആസ്ഥാനമായിരുന്നു. പിന്നീട് പ്രവർത്തനങ്ങളും ചുമതലകളും വികേന്ദ്രീകരിച്ചു. ഇതിന്റെ ഭാഗമായി എറണാകുളം, കോട്ടയം (ചങ്ങനാശ്ശേരി), കാസർഗോഡ് എന്നീ ജില്ലകളിലായി മൂന്ന് റീജിയണൽ ഓഫീസുകൾ സ്ഥാപിച്ചു.

നിലവിൽ, വകുപ്പിന് താഴെ പറയുന്ന പതിമൂന്ന് സ്റ്റേഷൻ ഓഫീസുകളുണ്ട്: ഈ സ്റ്റേഷനുകളുടെ നിയന്ത്രണാധികാരികൾ സ്റ്റേഷൻ മാസ്റ്റർമാർ ആണ്. ബോട്ടുകളുടെ സർവീസ് ഓപ്പറേഷൻ ഈ സ്റ്റേഷനുകളിലെ സ്റ്റേഷൻ മാസ്റ്റർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്.

അടുത്തിടെ വരെ യാത്രക്കാരെ കൊണ്ടുപോകാൻ വകുപ്പ് പരമ്പരാഗത തരം മരത്തിലുള്ള യാത്രാ ബോട്ടുകൾ മാത്രമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ സാങ്കേതികവിദ്യയുടെ പുരോഗതിക്ക് അനുസൃതമായി വകുപ്പ് ഇപ്പോൾ ആധുനിക സ്റ്റീൽ യാത്രാ ബോട്ടുകൾ ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. നിലവിൽ പ്രതിവർഷം ഏകദേശം 100 ലക്ഷം യാത്രക്കാരാണ് ജലഗതാഗത വകുപ്പിന്റെ ഉപഭോക്താക്കളായിട്ടുള്ളത്.

# ഭൗതിക സാഹചര്യങ്ങളുടെ നവീകരണം

## പ്രധാനനേട്ടം



→



പഴയ തടി ബോട്ടുകൾക്ക് പകരം സോളാറിൽ പ്രവർത്തിക്കുന്ന ഫൈബർ കാറ്റമറൈൻ ബോട്ടുകൾ വാങ്ങി.

## യാത്രാ ബോട്ടുകൾ

### ആദിത്യ

- ഇന്ത്യയിലെ ആദ്യത്തെ സോളാർ ഫെറി 2017 ൽ സർവീസ് ആരംഭിച്ചു.
- 75 പാസഞ്ചർ കപ്പാസിറ്റി
- 8 വർഷം - 38.6 ലക്ഷം യാത്രക്കാർ
- 2.8 കോടി രൂപ ഇന്ധന ലാഭം



## വിനോദ സഞ്ചാര മേഖലയിലേക്ക്

### ഇന്ദ്ര

- 2024 ൽ സർവീസ് ആരംഭിച്ച ആദ്യ സോളാർ- ഇലക്ട്രിക് ക്രൂയിസ് വെസ്സൽ
- എറണാകുളം മേഖലയിൽ സർവീസ് നടത്തി വരുന്നു.
- ലാഭം പ്രതിദിന ശരാശരി 24100/- രൂപ



# കെ.ടി.ഡി.എഫ്.സി.



കേരള സർക്കാരിൻറെ പൂർണ്ണ ഉടമസ്ഥതയിൽ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനിയായി രജിസ്റ്റർ ചെയ്യപ്പെട്ട കെ.ടി.ഡി.എഫ്.സി, 16.03.1992-ൽ വാണിജ്യ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. BOT അടിസ്ഥാനത്തിൽ KSRTC യ്ക്ക് വേണ്ടി 4 ബസ്ടെർമിനൽ കോംപ്ലെക്സുകൾ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെൻറ്റിന് വേണ്ടി ബഹുനില ഓഫീസ് ബിൽഡിംഗ് മുതലായവ നിർമ്മിച്ചു. കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളിലെ ഭൂമി പ്രയോജനപ്പെടുത്തി ബസ് ടെർമിനൽ-കമേഴ്സ്യൽ കോംപ്ലക്സുകൾ നിർമ്മിക്കുക, നിർമ്മിച്ച കെട്ടിടങ്ങളിലെ വ്യാപാര/ഓഫീസ് സ്ഥലങ്ങൾ വാടകയ്ക്ക് നൽകി, കെ.ടി.ഡി.എഫ്.സി.ക്കും കെ.എസ്.ആർ.ടി.സി. ക്കും സ്ഥിരമായ വരുമാനം ഉറപ്പാക്കുന്നു. തിരുവനന്തപുരത്ത് ടാഗോർ തീയറ്ററിന്റെ പഴമ നഷ്ടപ്പെടാതെ ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീകരിച്ചു.



2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ താരതമ്യേന ഉയർന്ന ലാഭം (531.50 കോടി) കൈവരിച്ചു. Net Owned Fund 2023 -24 സാമ്പത്തിക വർഷത്തിൽ പോസിറ്റീവ് ആയി മെച്ചപ്പെടുത്താനും, 2024-25 സാമ്പത്തിക വർഷത്തിൽ നിലനിർത്താനും കമ്പനിക്ക് സാധിച്ചു.

# കേരള റോഡ് സുരക്ഷാ അതോറിറ്റി (KRSA)



സംസ്ഥാനത്തെ റോഡ് സുരക്ഷാ പരിപാടികൾ ഏകോപിപ്പിക്കാനും നടപ്പിലാക്കാനും വേണ്ടി 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് പ്രകാരം അതേ വർഷം തന്നെ സ്ഥാപിക്കപ്പെട്ട ഒരു സ്ഥാപനമാണ് കേരള റോഡ് സുരക്ഷാ അതോറിറ്റി. അതോറിറ്റിയുടെ അധ്യക്ഷൻ ഗതാഗത വകുപ്പ് മന്ത്രിയാണ്. റോഡ് സുരക്ഷാ കമ്മീഷണർ ആണ് ഇതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO). വിവിധ ഫൈനുകൾ സെസ്സുകൾ എന്നിവ മുഖേന സമാഹരിക്കുന്ന പ്രത്യേക ഫണ്ട് (റോഡ് സുരക്ഷാ ഫണ്ട്) ഉപയോഗിച്ചാണ് അതോറിറ്റി റോഡ് സുരക്ഷാ ശ്രമങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

# ശ്രീ ചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (SCTCE), തിരുവനന്തപുരം




തിരുവനന്തപുരത്തുള്ള ശ്രീ ചിത്ര തിരുനാൾ കോളേജ് ഓഫ് എൻജിനീയറിങ് 1995 കേരള സർക്കാർ സ്ഥാപിച്ചുവെങ്കിലും 1997ൽ കോളേജിന്റെ ഭരണം ഒരു സൊസൈറ്റിക്ക് കൈമാറുകയുണ്ടായി.ഇപ്പോൾ സർക്കാർ വകുപ്പുകളിലെയും കെ.എസ്.ആർ.ടി.സി.യിലെയും അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ബോർഡ് ഓഫ് ഗവർണേഴ്സ് ആണ് കോളേജ് ഭരിക്കുന്നത്. ദക്ഷിണേന്ത്യയിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിൽ ബി.ടെക്. കോഴ്സ് ആരംഭിച്ച ആദ്യത്തെ കോളേജുകളിലൊന്നാണ് ഈ സ്ഥാപനം.

കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ (KSRTC) കീഴിലാണ് കോളേജ് പ്രവർത്തനം ആരംഭിച്ചത്. ഈ സ്ഥാപനം എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ (KTU) അഫിലിയേറ്റ് ചെയ്തിട്ടുള്ളതും എ.ഐ.സി.ടി.ഇ. (AICTE) അംഗീകാരമുള്ളതുമാണ്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം എന്നീ പ്രക്രിയകളിലൂടെ യുവതിയുവാക്കളെ ടെക്നോക്രാറ്റുകളാക്കി വളർത്തിയെടുക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.




# വികസന വിഹായസ്സിലേക്ക്.....2031



# 1. മൾട്ടിമോഡൽ ട്രാൻസിറ്റ് ഹബ്ബുകൾ



യാത്രക്കാർക്ക് ഒരു ഗതാഗത സംവിധാനത്തിൽ നിന്നും മറ്റൊന്നിലേക്ക് എളുപ്പത്തിലും തടസ്സമില്ലാതെയും മാറാൻ കഴിയുന്ന കര, ജല, വ്യോമ ഗതാഗതത്തെ സുഗമമായി സംയോജിപ്പിക്കുന്ന രീതിയിൽ രൂപകല്പന ചെയ്ത മൾട്ടി മോഡൽ ട്രാൻസിറ്റ് ഹബ്ബിനായി വിവിധ തലങ്ങളിൽ ഏകോപിപ്പിക്കലും സംയോജനവും ആവശ്യമാണ്.

## Institutional Integration:

### A Dedicated State Metropolitan Transport Authority

ഇൻറ്റഗ്രേറ്റഡ് മൊബിലിറ്റി പ്ലാൻ, ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്മെന്റ് (TOD) എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന അതോറിറ്റി. ഈ അതോറിറ്റിക്ക് കീഴിൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനെ ഉപയോഗിക്കാം. കാൽനടയാത്രക്കാർക്കും സൈക്കിൾ യാത്രക്കാർക്കുമുള്ള Active Mobility ആസൂത്രണത്തിനും നടപ്പാക്കലിനും ഈ അതോറിറ്റിയെ ഉപയോഗിക്കാം. അടുത്ത 6 വർഷത്തിനുള്ളിൽ നഗരപ്രദേശങ്ങളിൽ പൊതുഗതാഗത ഉപയോഗം 30% വർദ്ധിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

### ബന്ധപ്പെട്ട വകുപ്പുകൾ - പ്രവർത്തനങ്ങൾ

- ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്മെന്റ് (ToD) സോണുകളിൽ കൂടുതൽ ഭൂവിനിയോഗം ഉൾപ്പെടുത്തുന്നതിനായി ഫ്ലോർ ഏരിയ റേഷ്യോ (FAR) പോളിസി, ഡിഫറൻഷ്യൽ (D-FAR) ആയി മാറ്റങ്ങൾ വരുത്തുന്ന നടപടി സ്വീകരിക്കുക.
- മൊബിലിറ്റിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ലോക്കൽ ഏരിയ പ്ലാൻ രൂപീകരിക്കുക.
- സ്ട്രീറ്റ് ഓറിയന്റഡ് കെട്ടിടങ്ങൾ (Street Oriented buildings) പോലുള്ള നഗര രൂപകൽപ്പന ഘടകങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക (ആക്റ്റീവ് സ്ട്രീറ്റുകൾ എന്ന ആശയം).
- ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, അനുബന്ധ ഏജൻസികൾ എന്നിവയുടെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുകയും സംയോജനം ഉറപ്പാക്കുകയും ചെയ്യുക.

## Operational Integration

പൊതുഗതാഗതവുമായി ഫീഡർ സർവീസുകളുടെ ഒരു ശൃംഖല നിർമ്മിച്ച് ഫസ്റ്റ് ആൻഡ് ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കും. ഒരു യാത്രയുടെ തുടക്കത്തിലും ഒടുക്കത്തിലുമുള്ള ദൂരം സഞ്ചരിക്കുന്നതുമായി ബന്ധപ്പെടുത്തിയാണ് ഈ ആശയം. പൊതുഗതാഗത സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഇത് പ്രധാന ഘടകമാണ്.

### സിംഗിൾ ടിക്കറ്റിംഗ് (Single Ticketing) നടപ്പിലാക്കൽ

യാത്രക്കാരന് ഒരു ടിക്കറ്റ്, ഒരു സ്മാർട്ട് കാർഡ്, അല്ലെങ്കിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് യാത്രയിലുടനീളം വിവിധ ഗതാഗത മാർഗ്ഗങ്ങൾ (ബസ്, മെട്രോ, ട്രെയിൻ) ഉപയോഗിക്കാൻ കഴിയുന്ന രീതി. ഒരു യാത്രക്ക് വ്യത്യസ്ത ഓപ്പറേറ്റർമാരുടെ ടിക്കറ്റുകൾ എടുക്കേണ്ട ആവശ്യം ഇതിലൂടെ ഒഴിവാക്കാം. കെ.എസ്.ആർ.ടി.സി. വിജയകരമായി ഏർപ്പെടുത്തിയ ട്രാവൽ കാർഡ് പോലെയുള്ള പേയ്മെന്റ് മെക്കാനിസവും QR കോഡ് അധിഷ്ഠിത ടിക്കറ്റിംഗും ഉപയോഗപ്പെടുത്തും. ആദ്യം സർക്കാർ മേഖലയിൽ നടപ്പിലാക്കുകയും തുടർന്ന് സ്വകാര്യ മേഖലയിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക.

- **കേരള സവാരി** ഉൾപ്പെടെയുള്ള ഓൺലൈൻ അഗ്രിഗേറ്റർ ഏജൻസികളുമായി ചേർന്നാണ് ഇത് നടപ്പിലാക്കുന്നത്.

## Inclusive and Sustainable Infrastructure Integration:

- **Public Private Partnership (PPP) മോഡൽ** വഴി സമഗ്ര ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുക.
- ബസ് ടെർമിനലുകളെ സോളാർ മേൽക്കൂരയുള്ള ഹരിത കെട്ടിടങ്ങളാക്കി മാറ്റുക. ഇതിനായി MP ഫണ്ടുകൾ ഉപയോഗിക്കും.
- സുസ്ഥിരവികസനത്തിന് പുതിയ Planned സിറ്റികൾ:- നിലവിലുള്ള പഴയ സിറ്റികൾക്കുള്ള പ്രാധാന്യം ചോർന്ന് പോകാതെ പുതിയ നഗര നിർമ്മാണങ്ങൾക്ക് ശ്രദ്ധ നൽകും.
ഉദാ: നഗരവൽക്കരണം ദ്രുതഗതിയിൽ നടക്കുന്ന മലപ്പുറം (44%), തൃശൂർ, കോഴിക്കോട്, കൊല്ലം (30%) ജില്ലകളിൽ പൊതുഗതാഗത സംവിധാനവും സുസ്ഥിര വികസനവും സംയോജിപ്പിക്കും.
- ഹെൽത്തി സ്ട്രീറ്റ് ആശയം (Healthy Street Concept) അവതരിപ്പിക്കുക. വീതിയേറിയ തുടർച്ചയായ നടപ്പാതകൾ, dedicated pathways and cycling paths എന്നിവ ഉറപ്പാക്കുക. തെരുവുകളിൽ കിയോസ്കുകളും ക്യു.ആർ സ്കാനറുകളും സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യസ്ഥാനത്തേക്കുള്ള ഏറ്റവും ചെറിയ റൂട്ട്, പ്രദേശത്തെ കടകൾ തുടങ്ങിയവ തിരിച്ചറിയാൻ കാൽനടയാത്രക്കാരെ സഹായിക്കുക.

## Social Integration:

- എല്ലാവർക്കും ആക്സിസിബിലിറ്റി ഉറപ്പാക്കും. കാൽനടയാത്രക്കാർക്കായി, നടക്കാനുള്ള അവകാശം (Right to Walk) സമീപനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കും.
- UN Women Safe Cities & Safe Public Spaces Framework ന്റെ അടിസ്ഥാനത്തിൽ ഒരു Inclusive Travel Policy വികസിപ്പിക്കും.
- നിർഭയ ഫണ്ട് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ Gender Inclusive Mobility നയം രൂപീകരിക്കും.

- ഗതാഗത മേഖലയിലെ എൻഫോഴ്സ്മെൻറ് ഏജൻസി മുതലായ മേഖലകളിൽ സ്ത്രീ ജീവനക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കും. നിലവിൽ കേരളത്തിലെ പൊതുഗതാഗത മേഖലയിലെ വനിതകൾ ബസ് ഡ്രൈവർമാരിൽ 2% ഉം, ബസ് കണ്ടക്ടർമാരിൽ 15% ഉം ആണ്. UN ഡാറ്റ അനുസരിച്ച്, ആഗോള ഗതാഗത തൊഴിലാളികളിൽ 12% സ്ത്രീകളാണ്.
- മൊബിലിറ്റി പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സ്ത്രീ ശാക്തീകരണം ഉറപ്പാക്കുന്നതിനും സുരക്ഷിത മൊബിലിറ്റി കാമ്പയിൻ (Safe Mobility Campaign) അവതരിപ്പിക്കും.

## Data Integration

- ഡാറ്റാ സംയോജനത്തിനായി ഗതാഗത വകുപ്പിന് ഡാറ്റാ റെപ്പോസിറ്ററി/ ഡാറ്റാ ഹബ് (Data Hub) രൂപീകരിക്കും.

## Governance integration / Policy level integration) ഉറപ്പാക്കും.

# 2. പബ്ലിക് പാർക്കിംഗ് പോളിസി രൂപീകരിക്കും



ഒരു നഗരത്തിലെ/പ്രദേശത്തെ പാർക്കിംഗ് സൗകര്യങ്ങൾ എങ്ങനെ രൂപകൽപ്പന ചെയ്യണം, നിയന്ത്രിക്കണം, പാർക്കിംഗ് ഫീ നിശ്ചയിക്കണം, നിയന്ത്രണ അധികാരിയെ തീരുമാനിക്കണം എന്നതിനെക്കുറിച്ചുള്ള ഔദ്യോഗിക മാർഗ്ഗനിർദ്ദേശങ്ങളും നിയമങ്ങളുമാണ് പൊതു പാർക്കിംഗ് നയം.

**ലക്ഷ്യങ്ങൾ:**

- പാർക്കിംഗ് സ്ഥലത്തിന്റെ അഭാവം മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക.
- പൊതുഗതാഗതത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.
- പാർക്കിംഗ് സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്കും സന്ദർശകർക്കും എളുപ്പത്തിൽ ലഭ്യമാക്കുക.

## സ്മാർട്ട് പാർക്കിംഗ് (Smart Parking)

- സെൻസറുകൾ, ഡാറ്റാ അനലിറ്റിക്സ്, മൊബൈൽ ആപ്ലിക്കേഷനുകൾ തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പാർക്കിംഗ് സ്ഥലങ്ങളുടെ ലഭ്യതയും ഉപയോഗവും തത്സമയം (Real-time) കൈകാര്യം ചെയ്യുന്ന സംവിധാനമാണിത്.

### പ്രധാന സവിശേഷതകൾ:

- മൊബൈൽ ആപ്പുകൾ വഴി അടുത്തുള്ള ഒഴിവുള്ള പാർക്കിംഗ് സ്ലോട്ടുകൾ എവിടെയാണെന്ന് ഡ്രൈവർമാർക്ക് ഉടൻ അറിയാൻ കഴിയും.
- പാർക്കിംഗ് ഫീസ് ഓട്ടോമാറ്റിക്കായി അടയ്ക്കുന്നതിനുള്ള സംവിധാനം (ഉദാഹരണത്തിന്, Fast Tag അല്ലെങ്കിൽ മൊബൈൽ വാലറ്റുകൾ വഴി).
- പാർക്കിംഗ് സ്ഥലത്തിനുള്ളിൽ ഒഴിവുള്ള സ്ലോട്ടുകളിലേക്ക് ലൈറ്റുകളോ ഡിജിറ്റൽ ബോർഡുകളോ വഴി വാഹനങ്ങളെ നയിക്കുന്നു.

### പ്രയോജനങ്ങൾ:

- പാർക്കിംഗ് സ്ഥലം കണ്ടെത്തുന്നതിനുള്ള സമയം, ഇന്ധനം, മലിനീകരണം എന്നിവ കുറയ്ക്കുന്നു.
- പാർക്കിംഗ് സ്ഥലങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നു.
- നിയമലംഘനം കണ്ടെത്തുന്നത് സുഗമമാക്കുന്നു.

## 3. സ്മാർട്ട് റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയാറാക്കും



ഈ റോഡുകളിൽ ഡാറ്റാ സെൻസറുകൾ, സി.സി.ടി.വി നിരീക്ഷണം, അന്ധർക്കുള്ള tactile റോഡ് സംവിധാനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഗതാഗതം കൂടുതൽ കാര്യക്ഷമമാക്കും.

4. കെ.എസ്.ആർ.ടി.സി.യുടെ ബസ് ടെർമിനലുകളുടെ ആധുനികവൽക്കരണവും അടിസ്ഥാന സൗകര്യ വികസനവും ഉറപ്പുവരുത്തും.



## 5. തീരദേശ, ദേശീയപാത റോഡ് സംയോജനം (Coastal Highway & National Highway Integration):

തീരദേശ ദേശീയപാത ഹൈവേകൾ സംയോജിപ്പിക്കുന്നത് വഴി ഗതാഗത സംവിധാനങ്ങളുടെ സംയോജനവും സാധ്യമാകും

## 6. കെ.എസ്.ആർ.ടി.സി കൂടുതൽ ആധുനിക ബസുകൾ പുറത്തിറക്കും



യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിമാനയാത്രയ്ക്ക് സമാനമായ ബിസിനസ്സ് ക്ലാസ് സൗകര്യങ്ങളോടുകൂടിയ ആധുനിക ബസുകൾ നിരത്തിലിറക്കും.

## 7. നഗര ഗതാഗതം

തിരഞ്ഞെടുത്ത നഗരങ്ങളിൽ പ്രത്യേക ബസ് സർവ്വീസുകൾ കൂടുതലായി ഉപയോഗിച്ച് പൊതുഗതാഗതം ആധുനികവൽക്കരിക്കും.

**8. Route formulation പോളിസി രൂപീകരിക്കും. ഇത് വഴി നവീന സംരംഭ പാതകളിൽ സ്വകാര്യ സംരംഭകർക്ക് കൂടി പ്രോത്സാഹനം നൽകി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കും.**

**9. കെ.എസ്.ആർ.ടി.സി. ഹാപ്പി ലോങ്ങ് ലൈഫ് സർട്ടിഫിക്കറ്റ്: ക്യാൻസർ രോഗികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ്. ഇത് മാതൃകയാക്കി സമൂഹത്തിലെ ദുർബലവിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കുവേണ്ടി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കും.**

**10. മൾട്ടിമോഡൽ ഗതാഗത സംവിധാനത്തിലൂടെ ലോജിസ്റ്റിക്സ് ഹബ് രൂപികരിക്കും.**



ഗ്രീൻ ലോജിസ്റ്റിക്സ് കോറിഡോർ പ്രയോജനപ്പെടുത്തും, അതുവഴി കാർബൺ എമിഷൻ ഗണ്യമായി കുറയ്ക്കും.



# പരിവർത്തന പാതയിലേക്ക്...

## 11. സ്മാർട്ട് ഫാക്ടറികൾ (Industry 4.0):



AI അടിസ്ഥാനമാക്കി സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നെക്സ്റ്റ് ജനറേഷൻ വാഹനങ്ങളുടെ നൂതന ഘടകങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് പരിശോധിക്കും.

## 12. പരമ്പരാഗത ഇന്ധന ഉപയോഗം കുറച്ച് Alternate Fuels-ന്റെ ഉപയോഗ സാദ്ധ്യതകൾ പരിശോധിക്കും

## 13. കാർബൺ റിഡക്ഷൻ (Carbon Reduction) സാധ്യമാക്കാൻ ഗതാഗതമേഖലയിൽ ഇലക്ട്രിക് വാഹനങ്ങൾ (EV), പൊതുഗതാഗതം, കാർ പൂളിംഗ്, നോൺ മോട്ടോറൈസ്ഡ് ഗതാഗതം എന്നീ മാർഗങ്ങൾ പ്രോത്സാഹിപ്പിക്കും.

14. പുതിയ ഇലക്ട്രിക് വാഹന പോളിസി 2.0 രൂപികരിക്കും.



15. ചാർജിംഗ് ഇൻഫ്രാസ്ട്രക്ചറിനുള്ള സാമ്പത്തിക സഹായം (Financial assistance to setup charging infrastructure): പൊതു ജനങ്ങൾക്ക് ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനാവശ്യമായ കൂടുതൽ സാമ്പത്തിക സഹായങ്ങൾ നൽകും. ഇലക്ട്രിക് വാഹനങ്ങൾക്കുള്ള സബ്സിഡി തുടരും.

16. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള battery management സംവിധാനം: ദീർഘദൂര യാത്രയ്ക്ക് അനുയോജ്യമായ ലൈഫ് കൂടുതലുള്ള ഫാസ്റ്റ് ചാർജിംഗ് സാധ്യമാകുന്ന സാങ്കേതികവിദ്യയോടു കൂടിയ ലിഥിയം ടൈറ്റനേറ്റ് ഓക്സൈഡ് (LTO) ബാറ്ററി പോലുള്ള മറ്റ് പുതിയ സാങ്കേതികവിദ്യകളുടെ സാദ്ധ്യതകൾ കെ.എസ്.ആർ.ടി.സി. വഴി പരിശോധിക്കും.



# റോഡ് സുരക്ഷ-അതിനൂതന മാർഗങ്ങളിലൂടെ....

## 17. ഡാറ്റാ അധിഷ്ഠിത റോഡ് സുരക്ഷാ നിയന്ത്രണങ്ങൾ:

റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി ഡാറ്റാ അധിഷ്ഠിത തെളിവുകളുടെ അടിസ്ഥാനത്തിൽ ഇടപെടലുകൾ നടപ്പാക്കും.

## 18. ബിഗ് ഡാറ്റാ അനലിറ്റിക്സ്, iRAD/eDAR, ഹൈപ്പർലോക്കൽ ഡാറ്റാ അനാലിസിസ് തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അപകടസാധ്യതയുള്ള 'ബ്ലാക്ക് സ്പോട്ടുകൾ' തിരിച്ചറിഞ്ഞ് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കും.

## 19. ഓട്ടോമാറ്റിക് സ്പീഡ് ക്യാമറകൾ, വേരിയബിൾ മെസ്സേജ് സൈൻ (VMS) തുടങ്ങിയ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് റോഡ് എൻജിനീയറിംഗ് അടിസ്ഥാനത്തിലുള്ള പരിഹാരങ്ങൾ നടപ്പിലാക്കും.



## 20. Safe System Approach:

ഐക്യരാഷ്ട്രസഭയുടെ 'Decade of Action for Road Safety' ലക്ഷ്യങ്ങളോട് ചേർന്ന്, 2031-ഓടെ റോഡ് അപകടങ്ങൾ കൊണ്ടുള്ള മരണങ്ങളും ഗുരുതര പരിക്കുകളും 50% വരെ കുറയ്ക്കാൻ പ്രയത്നിക്കും. ഇതിനായി റോഡ് സുരക്ഷയെ ഒരു സമഗ്ര സംവിധാനമായി കാണുന്ന 'Safe System Approach' നടപ്പാക്കും.

## 21. പ്രതിരോധ ഡ്രൈവിംഗ് പരിശീലനവും സുരക്ഷാ സംസ്കാരവും:

- ഡ്രൈവർമാർക്കിടയിൽ പ്രതിരോധ (Defensive & Proactive) ഡ്രൈവിംഗ് സംസ്കാരം വളർത്തും. സ്കൂൾ പാഠ്യപദ്ധതിയിലും ഡ്രൈവിംഗ് സ്കൂളുകളിലുമെല്ലാം ഈ പരിശീലനം ഉൾപ്പെടുത്തും. ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിന് മുൻപ് 'പ്രീ-ഹോസ്പിറ്റൽ കെയർ' പരിശീലനവും സുരക്ഷിത വേഗതാ പരിശീലനവും നിർബന്ധമാക്കും.
- കണ്ടെയ്നർ ഡ്രൈവേഴ്സിന് IDTR വഴി ട്രെയിനിങ് ലഭ്യമാക്കുകയും പ്രത്യേക ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.
- IDTR (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിങ് ആൻഡ് റിസർച്ച് ) എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും.
- IDTR മുഖേന ആംബുലൻസ് ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനങ്ങൾ സംഘടിപ്പിക്കും.

## 22. Road Safety Cadet:




റോഡ് സുരക്ഷയിൽ കൂട്ടായ ഉത്തരവാദിത്തമുള്ള ഒരു സമൂഹം രൂപപ്പെടുത്തുക, കർമ്മ നിരതരായ യുവജനങ്ങളിലൂടെ സുരക്ഷിത റോഡ് ഉപയോഗം പ്രോത്സാഹിപ്പിക്കുക, പുതിയ റോഡ് സംസ്കാരം രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ റോഡ് സേഫ്റ്റി കേഡറ്റ്സ് എന്ന സംവിധാനം നടപ്പാക്കും.

## 23. അപകടാനന്തര പരിചരണ സംവിധാനം (Post-Crash Care):

റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സമയബന്ധിതമായി ചികിത്സ ലഭ്യമാക്കുന്നതിൽ ശ്രദ്ധ നൽകും. 'സുവർണ്ണ മണിക്കൂർ' (Golden Hour) പരമാവധി പ്രയോജനപ്പെടുത്തി അടിയന്തിര രക്ഷാപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ അഡ്വാൻസ്ഡ് ട്രോമാ care സെന്ററുകൾ (ATC) സ്ഥാപിക്കാനും റോഡ് സേഫ്റ്റി കേഡറ്റ്സിന്റെ സേവനം വിനിയോഗിക്കും.

## 24. സാങ്കേതിക എൻഫോഴ്സ്മെന്റും കാൽനട സൗഹൃദ സൗകര്യങ്ങളും:

നിയമലംഘനങ്ങൾ തടയാൻ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് നടപടികൾ കർശനമാക്കും. ഓവർസ്പീഡിംഗ്, ലെയിൻ ലംഘനം തുടങ്ങിയവയ്ക്ക് പിഴ ചുമത്തുന്നതിൽ കർശന നിലപാട് സ്വീകരിക്കും. എല്ലാ റോഡുകളിലും കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ വികസിപ്പിക്കും.

## 25. പൊതു സേവനങ്ങളുടെ ലളിതവൽക്കരണം (Simplification of Public Services):

പൊതുസേവനങ്ങൾക്കായുള്ള പുതിയ ഡിജിറ്റൽ നടപടികൾ (New Digital Measures for Public Services), AI അധിഷ്ഠിത സേവനങ്ങളുടെ സംയോജനം (Incorporation of AI Operated Services), Simplification of Services എന്നിവ നടപ്പിലാക്കും.

## 26. അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള 4E തന്ത്രങ്ങൾ (4E Strategy for Accident Reduction):

മിഷൻ സീറോ വഴി അപകട മരണങ്ങൾ ഇല്ലാതാക്കൽ, നിലവിൽ ഉള്ളതിനേക്കാൾ 50% അപകടങ്ങൾ കുറയ്ക്കൽ എന്നിവ ലക്ഷ്യം വെയ്ക്കുന്നു.

- എൻഫോഴ്സ്മെന്റ് (Enforcement): ഡ്രൈവർമാർക്കിടയിൽ നിയമ അവബോധം സൃഷ്ടിക്കുക.
- എജ്യൂക്കേഷൻ (Education): റോഡ് ഉപയോക്താക്കൾക്കിടയിൽ ഉത്തരവാദിത്തബോധവും ശരിയായ പെരുമാറ്റരീതികളും വളർത്തുക.
- എൻജിനീയറിംഗ് (Engineering): മനുഷ്യസഹജമായ പിഴവുകൾ (Human Error) പോലും അപകടത്തിൽ കലാശിക്കാതിരിക്കാൻ റോഡുകൾ രൂപകൽപ്പന ചെയ്യുക.
- എമർജൻസി കെയർ (Emergency Care): അപകടം സംഭവിച്ചതിന് ശേഷം ആദ്യത്തെ "സുവർണ്ണ മണിക്കൂറിനുള്ളിൽ" (Golden Hour) വൈദ്യസഹായം ഉറപ്പാക്കുക വഴി മരണനിരക്ക് കുറയ്ക്കുക, അംഗവൈകല്യങ്ങൾ ഉണ്ടാകുന്നത് തടയുക.



# സമാനതകളില്ലാത്ത
# നവ ജലയാത്ര.......

44 നദികളും 34 കായലുകളും 9 ജില്ലകളിലുമായി ഏകദേശം 600 കിലോമീറ്റർ തീരദേശവുമുള്ള ജലസ്രോതസ്സുകളാൽ സമ്പന്നമാണ് കേരളം. വിഴിഞ്ഞം തുറമുഖം, വാട്ടർ മെട്രോ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, കൊച്ചിൻ ഷിപ്പ് യാർഡ്, സംസ്ഥാന ജലഗതാഗത വകുപ്പ് എന്നിങ്ങനെ ജലസ്രോതസ്സുകളെ ഉപയോഗിക്കുന്ന നിരവധി ഗതാഗത മാർഗ്ഗങ്ങളും നമുക്ക് സ്വന്തമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ചരക്ക് ഗതാഗതവും യാത്രക്കാരുടെ സൗകര്യവും വിനോദസഞ്ചാരവും ഒരേസമയം വിപുലീകരിക്കുന്ന വിധത്തിൽ ജലവിഭവമേഖലയെ ഏകീകരിക്കുക എന്നതാണ് സമഗ്രമായ ആവശ്യകത. ലോകത്തിലെ ചരക്ക് വ്യാപാര രംഗത്ത് 95% ഉം ജലമാർഗ്ഗങ്ങളിലൂടെയോ അല്ലെങ്കിൽ മൾട്ടി മോഡൽ ഗതാഗത സംവിധാനങ്ങളിലൂടെയോ ആണ് സാധ്യമാകുന്നത്.

വികസിത രാജ്യങ്ങളിൽ ഉത്പന്നങ്ങളുടെ വിലയുടെ 5% മുതൽ 8% വരെ ലോജിസ്റ്റിക്സ് കോസ്റ്റ് ആകുന്നയിടത്ത് നമ്മുടെ രാജ്യത്ത് 14% മുതൽ 18% വരെയാണ് പ്രസ്തുത നിരക്ക്. ലോജിസ്റ്റിക്സ് efficiency വർദ്ധിപ്പിക്കുക എന്നത് ജലഗതാഗത മേഖലയുടെ പരമപ്രധാനമായ ലക്ഷ്യമാണ്. Cost effective ആയിട്ടുള്ള പരിസ്ഥിതി സൗഹാർദ്ദപരമായ സമയബന്ധിതവും സുരക്ഷിതവുമായ ജലമാർഗ്ഗ ചരക്ക് നീക്കം സാധ്യമാക്കുക എന്നതാണ് നമ്മുടെ നാടിൻറെ സുസ്ഥിര ഭാവിക്കായുള്ള ചുവട് വെയ്പ്പ്. ലോജിസ്റ്റിക്സ് കോസ്റ്റ് കുറയ്ക്കുന്നതോടൊപ്പം കാർബൺ എമിഷൻ കുറയ്ക്കുക ട്രാഫിക് congestion കുറയ്ക്കുക എന്നിവയെല്ലാം ജലഗതാഗത മേഖലയുടെ മേന്മകളാണ്. സംസ്ഥാന ജലഗതാഗത മേഖലയെ മേൽ സൂചിപ്പിച്ച വിവരങ്ങളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വിവിധ ഏകോപന പ്രവർത്തനങ്ങളിലൂടെ കേരളത്തിൻറെ വികസന മേഖലയാക്കി മാറ്റാൻ സാധിക്കും.

## 27. ജലപാതകളുടെ സമഗ്രമായ ഉപയോഗം



- കായലുകളുടെയും കനാലുകളുടെയും സംയോജനം നടപ്പാക്കും. റോഡ് മുഖേന നടപ്പാക്കുന്ന ചരക്ക് ഗതാഗതത്തിൻറെ 50% നദികൾ, തടാകങ്ങൾ എന്നിവയിലൂടെ സാധ്യമാക്കുന്ന വിധത്തിൽ connectivity തയ്യാറാക്കും.
- ഇൻലാൻഡ് കണ്ടെയ്നർ ഡിപ്പോ, കാർഗോ ഡിപ്പോ തുടങ്ങിയവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കും.
- ഏഷ്യയിലെ തന്നെ ആദ്യത്തെ സോളാർ ഇലക്ട്രിക് റോ റോ ജലഗതാഗത വകുപ്പ് പുറത്തിറക്കും.
- ജില്ലകൾ തമ്മിൽ ബന്ധിപ്പിക്കുന്ന കുറഞ്ഞ ചിലവിലുള്ള യാത്രാ സർവീസുകൾ ആരംഭിയ്ക്കും.

## 28. സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ആധുനികവത്കരണം (ഡിജിറ്റൽ ജലപാത മാനേജ്മെൻറ് )

- ജലഗതാഗത യാനങ്ങളുടെ റിയൽ ടൈം ലൊക്കേഷൻ മോണിറ്ററിങ് സാധ്യതകൾ ഉപയുക്തമാക്കി ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS) നടപ്പാക്കുന്നത് പരിശോധിക്കും.
- കൂടാതെ Vessel ട്രാഫിക് മാനേജ്മെൻറ് സിസ്റ്റം നടപ്പാക്കുന്നതിന്റെ സാധ്യതകളും പരിശോധിക്കാവുന്നതാണ്.
- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള ആധുനിക സാങ്കേതിക വിദ്യകൾ ജലഗതാഗത മേഖലയിലും പ്രയോജനപ്പെടുത്തും. ജലഗതാഗത വകുപ്പിന്റെ ടിക്കറ്റിങ്, ട്രാക്കിംഗ്, മെയിൻറനൻസ്, സ്റ്റോർ മാനേജ്മെൻറ് തുടങ്ങിയവ പൂർണമായും ഓൺലൈൻ ആക്കി മാറ്റും.

## 29. വിനോദസഞ്ചാരത്തിലൂടെ വികസന പാതയിലേക്ക്



- അന്താരാഷ്ട്ര നിലവാരത്തിലുള്ള അത്യാധുനിക സൗകര്യങ്ങളുള്ള ടൂറിസം സർവീസുകൾ ജലഗതാഗത വകുപ്പ് ആരംഭിക്കും.

- കെ.എസ്.ആർ.ടി.സി യുടെ ബഡ്ജറ്റ് ടൂറിസം പദ്ധതിയുമായി ജലഗതാഗത വകുപ്പിന്റെ ടൂറിസം പദ്ധതികൾ സംയോജിപ്പിക്കും.

- പരിസ്ഥിതി സൗഹൃദമായ സോളാർ ഇലക്ട്രിക് ബോട്ടുകൾ ടൂറിസം മേഖലയിലും കൊണ്ടുവരും. ഇതിൻറെ പ്രാരംഭമായി ആലപ്പുഴ ജില്ലയിൽ 'കുട്ടനാട് സഫാരി' എന്ന പേരിൽ ടൂറിസം സർവീസ് ഉടൻ ആരംഭിക്കും.

- കുട്ടനാട് സഫാരി മാതൃകയിൽ സാംസ്കാരിക ഇക്കോ ടൂറിസം സർവീസുകൾ ആരംഭിക്കും. കേരളത്തനിമ വിളിച്ചോതുന്ന നാടൻ കലാരൂപങ്ങളും നാടൻ ഭക്ഷണവും ഉൾപ്പെടുത്തിക്കൊണ്ട് സഫാരി ടൂറിസം എന്ന പേരിലായിരിക്കും സർവീസ് ആരംഭിക്കുക. കൊല്ലം ജില്ലയിലെ മൺറോ തുരുത്തിലും കണ്ണൂർ ജില്ലയിലെ കവ്വായിയിലും ഇത്തരം സർവീസുകൾ ആരംഭിക്കും.

- ടൂറിസം സർവീസുകൾ നിലവിൽ സംസ്ഥാനത്തിൻറെ GDP യുടെ 12% ആണ് പ്രദാനം ചെയ്യുന്നത്. ജലഗതാഗത മേഖലയിൽ ടൂറിസം സർവീസുകൾ കൂടുതൽ ആരംഭിക്കുന്നതിലൂടെ ടിക്കറ്റ് വരുമാനം 50% ഉയർത്തുവാൻ സാധിക്കുകയും ജലഗതാഗത മേഖലയ്ക്ക് 18% മുതൽ 20% വരെ സംഭാവന നൽകാൻ സാധിക്കുകയും ചെയ്യും.

- ജലഗതാഗതത്തിന്റെ ചരിത്രവും പ്രാധാന്യവും ജനങ്ങളിലേക്ക് എത്തിക്കുന്നതിന് മ്യൂസിയങ്ങൾ സ്ഥാപിക്കും. ജലഗതാഗതവും സാംസ്കാരിക തനിമയും ജനങ്ങളിലേക്ക് എത്തിക്കാൻ ഇതുവഴി സാധിക്കും.

## 30. യാത്രാ സർവീസുകൾ (Sustainable Fleet Transition)



- ജില്ലകൾ തമ്മിൽ ബന്ധിപ്പിക്കുന്ന കുറഞ്ഞ ചിലവിലുള്ള യാത്രാ സർവീസുകൾ ആരംഭിയ്ക്കും.

- ജലഗതാഗത മേഖലയിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന് ആധുനിക സൗകര്യങ്ങളുള്ള, യാത്രാസുഖം നൽകുന്ന, പരിസ്ഥിതി മലിനീകരണം ഇല്ലാത്ത കൂടുതൽ സോളാർ ഇലക്ട്രിക് ബോട്ടുകൾ നിർമ്മിക്കും. അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ 60% ബോട്ടുകളും സോളാർ ഇലക്ട്രിക് ബോട്ടുകളാക്കി മാറ്റും.

- സംസ്ഥാന ജലഗതാഗത വകുപ്പിന്റെ 50% സ്റ്റേഷനുകളിലും സോളാർ പാനലുകൾ സ്ഥാപിച്ച് 'സീറോ ഇലക്ട്രിസിറ്റി' നിലവാരത്തിലേക്ക് ഉയർത്തും. പ്രസ്തുത സ്റ്റേഷനുകൾ സോളാർ ബോട്ടുകളുടെ ചാർജിങ് സ്റ്റേഷനുകളായി വർത്തിക്കുന്നതിനും തന്മൂലം സീറോ എനർജി, സീറോ എമിഷൻ, സീറോ കോസ്റ്റ് നിലവാരത്തിലേക്ക് വകുപ്പിനെ ഉയർത്തും.

## 31. ബ്ലൂ ടൂറിസം



ബ്ലൂ ടൂറിസം പ്രോത്സാഹിപ്പിക്കും. സമുദ്രം, തീരദേശങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുമായി ബന്ധപ്പെട്ട സുസ്ഥിരമായ ടൂറിസം പ്രവർത്തനങ്ങളെയാണ് 'ബ്ലൂ ടൂറിസം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.











TRANSCAPE




KINETICS
Panel III








DELEGATE REGISTRATI






ഗതാഗത വകുപ്പിന്റെ
വികസന ലക്ഷ്യങ്ങൾ



31
ചുവടുകളുമായി
2031ലേക്ക്....
ഗതാഗതം
മുന്നോട്ട്...

VISION 2031

MOBILITY EN ROUTE SUSTAINABILITY

TRANSPORT DEPARTMENT

GOVERNMENT OF KERALA